"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകൃത ഏജൻസികളുടെയും അക്രഡിറ്റഡ് ഏജൻസികളുടെയും സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖ -സ്പഷ്ടീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(കൈ) നം.209/2023/LSGD തീയതി,തിരുവനന്തപുരം, 02-12-2023

---

പരാമർശം:-

1. സ.ഉ(എംഎസ്) നം. 133/2013/തസ്വഭവ തീയതി 30/03/2013.
2. സ.ഉ(എം.എസ്) നം.325/2013/തസ്വഭവ തീയതി 05/10/2013.
3. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് ചെയർമാന്റെ 19/07/2023-ലെ KAICO/HO/Tech/12 B/2023-93 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചില പ്രത്യേക സാഹചര്യങ്ങളിൽ അംഗീകൃത/അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതായി വരും. അങ്ങനെ സേവനം ഉപയോഗപ്പെടുത്തുന്നതിനായി വ്യക്തമായ മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ (എൻ.ജി.ഒ നയം) അംഗീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (1) മാർഗ്ഗരേഖയിലെ ഖണ്ഡിക( 4 ) പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾക്കും വീണ്ടും സർക്കാരിന്റെ ഒരു അക്രഡിറ്റേഷൻ ആവശ്യമില്ലാത്തതിനാൽ അത്തരം ഏജൻസികൾ അക്രഡിറ്റഡ് ഏജൻസികളുടെ വിഭാഗത്തിൽപ്പെടുന്നവയല്ല. അത്തരം ഏതെങ്കിലും സ്ഥാപനത്തിന്റെയോ ഏജൻസിയുടെയോ സ്വയംഭരണ സ്ഥാപനത്തിന്റെയോ ബന്ധപ്പെട്ട മേഖലയിലുള്ള സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണെന്ന് ഖണ്ഡികയിൽ പ്രതിപാദിക്കുന്നു. ധനകാര്യ വകുപ്പിന്റെ അക്രെഡിറ്റേഷൻ ഉത്തരവുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാണ് .

3. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പദ്ധതികൾ നിർവഹിക്കുന്നതിനായി ടെൻഡറുകൾ ക്ഷണിക്കുമ്പോൾ മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെടുന്ന കെയ്കോ പോലുള്ള സർക്കാർ സ്ഥാപനങ്ങളെ അക്രഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റിൽപ്പെടുത്താൻ കഴിയില്ലെന്ന നിലപാടാണ് സ്വീകരിക്കുന്നതെന്നും, ആയതിനാൽ കെയ്കോ ഉൾപ്പെടെയുള്ള വിവിധ സർക്കാർ സ്ഥാപനങ്ങൾ ഏജൻസികൾ, സ്വയംഭരണ സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പല പദ്ധതികളിൽ നിന്നും പിന്തള്ളപ്പെടുന്ന സാഹചര്യമാണുള്ളതെന്നും

ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ ഏറ്റെടുത്ത് നിർവഹിക്കുന്നതിനുള്ള അക്രഡിറ്റേഷൻ തങ്ങളുടെ സ്ഥാപനത്തിനും അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ചെയർമാൻ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO) ഖരമാലിന്യ പരിപാലന സംവിധാനം ഏർപ്പെടുത്തുന്ന ഒരു സർക്കാർ സ്ഥാപനമാണ്. ഖരമാലിന്യ പരിപാലന മേഖലയിൽ അക്രഡിറ്റേഷനുവേണ്ടി സർക്കാരിന് KAICO അപേക്ഷ നൽകിയെങ്കിലും സർക്കാർ സ്ഥാപനമായതിനാൽ പ്രത്യേക അക്രഡിറ്റേഷൻ ആവശ്യമില്ല എന്ന് സർക്കാർ മാനേജിംഗ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഇടയിൽ അവ്യക്തതയുണ്ട് എന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ ടെണ്ടർ ക്ഷണിക്കുമ്പോൾ KAICO പിന്തള്ളപ്പെടുന്നു. കൃഷി വകുപ്പിന് കീഴിലുള്ള KAICO-യ്ക്ക് ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം - പരിപാലനം, കമ്പോസ്റ്റിംഗ് യൂണിറ്റുകളുടെ നിർമ്മാണം, സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കൽ തുടങ്ങിയവയിൽ പ്രവൃത്തി പരിചയമുണ്ട്. ഇവ പരിഗണിച്ച് KAICO മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള അംഗീകൃത ഏജൻസിയാണെന്ന് അറിയിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
6. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ, കില, തൃശ്ശൂർ
8. എല്ലാ ജില്ലാ കളക്ടർ (ആസൂത്രണ സമിതി സെക്രട്ടറി) മാർക്കും
9. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
10. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ്, കമ്മീഷണർ(ജനറൽ) മാർക്കും
11. പഞ്ചായത്ത് ജോയിന്റ് ഡയറക്ടർമാർക്ക്
12. ചെയർമാൻ, കേരള അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.

13. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി അംഗങ്ങൾക്ക്
14. ജനറൽ സെക്രറി, കേരളാ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
15. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
16. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
17. സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി.
19. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

പകർപ്പ് :

1. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എക്ക്
3. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 02-12-2023 14:30:30

സെക്ഷൻ ഓഫീസർ